1. താഴെ പറയുന്നവരിൽ ആരാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രണ്ടാമത്തെ പ്രസിഡന്റ് ?
(A) W.C. ബാനർജി (B) A.O. ഹ്യൂം
(C) ദാദാ ഭായി നവറോജി (D) ആനി ബസന്റ്

2. 2019 -ലെ ബ്രിക്സ് (BRICS) ഉച്ചകോടി നടന്നത് എത് രാജ്യത്ത് വച്ചാണ് ?
(A) ബ്രസീൽ (B) ചിലി (C) മെക്സിക്കോ (D) അർജന്റീന

3. താഴെ കൊടുത്തിരിക്കുന്നവരിൽ ആരാണ് ഇന്ത്യയുടെ വിവര സാങ്കേതിക വിദ്യ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി ?
(A) പ്രഹ്ലാദ് ജോഷി (B) കിരൺ റിജിജു
(C) രാജ്കുമാർ സിംഗ് (D) അശ്വനി വൈഷ്ണവ്

4. 'രാജീവ് ഗാന്ധി ഖേൽ രത്ന' അവാർഡ് നേടിയ ആദ്യ മലയാളി താരം ആരാണ് ?
(A) പി. ടി. ഉഷ (B) കെ. എം. ബീനാ മോൾ
(C) എം.ഡി. വത്സമ്മ (D) അഞ്ജു ബോബി ജോർജ്ജ്

5. 'അടിമ കേരളത്തിന്റെ അദൃശ്യ ചരിത്രം' എന്ന പ്രസിദ്ധമായ കൃതിയുടെ രചയിതാവ് ആരാണ് ?
(A) വിനിൽ പോൾ (B) സണ്ണി എം. കപിക്കാട്
(C) സനൽ മോഹൻ (D) സതീഷ് കിടാരക്കുഴി

6. താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് ഗ്രാമ പഞ്ചായത്താണ് 2019 ലെ മികച്ച പ്രവർത്തനത്തിനുള്ള സംസ്ഥാന സർക്കാരിന്റെ സ്വരാജ് ട്രോഫി നേടിയത് ?
(A) ഭരണിക്കാവ് (B) പാപ്പിനിശ്ശേരി (C) ചെമ്പിലോട് (D) ശ്രീകൃഷ്ണപുരം

7. താഴെ പറയുന്നവയിൽ 'ലോക മണ്ണ്' ദിനമായി ആചരിക്കപ്പെടുന്നത് എപ്പോഴാണ് ?
(A) ജൂൺ 5 (B) മാർച്ച 23 (C) മെയ് 22 (D) ഡിസംബർ 5

8. ഇന്ത്യയിൽ ബാങ്ക് ദേശസാൽകരണം നടത്തിയത് ഏത് വർഷമാണ് ?
(A) ജനുവരി 26, 1957 (B) മാർച്ച 23, 1962
(C) ജൂലൈ 19, 1969 (D) ഡിസംബർ 5, 1969

9. താഴെ പറയുന്നവയിൽ 'യൂറോപ്യൻ യൂണിയനി'ൽ അംഗത്വമില്ലാത്ത രാജ്യം ഏതാണ് ?
(A) റഷ്യ (B) ബ്രിട്ടൻ (C) പോർച്ചുഗൽ (D) സ്വീഡൻ

10. അന്തർദ്ദേശീയ നാണയനിധി (IMF) യുടെ നിലവിലെ അദ്ധ്യക്ഷ ആരാണ് ?
(A) ഗീത ഗോപിനാഥ് (B) ക്രിസ്റ്റലീന ജോർജ്ജീവ
(C) പിയറി ഒലിവർ (D) ഗുറിഞ്ചാസ്

11. 'ബാപ്പു എന്റെ അമ്മ' എന്ന പ്രശസ്ത ഗ്രന്ഥം രചിച്ചതാരാണ് ?
(A) സുശീല നയ്യാർ (B) സരളാ ദേവി ചൗധരണി
(C) മീരാ ബെൻ (D) മനു ഗാന്ധി

12. പാകിസ്ഥാൻ എന്ന ആശയം ആദ്യമായി മുന്നോട്ട് കൊണ്ടുവന്നതാരാണ് ?
(A) മുഹമ്മദ് ഇക്ബാൽ (B) മുഹമ്മദാലി ജിന്ന
(C) ചൗധരി റഹമത്ത് അലി (D) അഗാഖാൻ

13. 'അഞ്ചുവണ്ണം മണിഗ്രാമം' എന്നീ പ്രമുഖ മധ്യകാല വ്യാപാര ഗിൽഡുകളെക്കുറിച്ച് ഏത് ശാസനങ്ങളിലാണ് ആദ്യമായി പ്രതിപാദിച്ചിട്ടുള്ളത് ?
(A) തരിസാപ്പള്ളി ശാസനങ്ങൾ (B) സിറിയൻ ശാസനങ്ങൾ
(C) വാഴപ്പള്ളി ശാസനം (D) ജൂത ശാസനങ്ങൾ

14. താഴെ പറയുന്നവരിൽ പടിഞ്ഞാറൻ ഒഡീഷയുടെ മദർ തെരേസ്സ എന്ന് വിളിക്കപ്പെടുന്നത് ആരെയാണ് ?
(A) മാതംഗിനി ഹസ്റ (B) പർബതി ഗിരി
(C) ദുർഗ്ഗാഭായ് ദേശ്മുഖ് (D) റാണി ഗൈദിനില്യു

15. ഇന്ത്യയുടെ ആദ്യത്തെ ഐ. ഐ. ടി (Indian Institute of Technology) എവിടെയാണ് സ്ഥിതി ചെയ്യുന്നത ?
(A) റൂർക്കല (B) ഡൽഹി (C) മദ്രാസ് (D) ഖാരഗ്പൂർ

16. 1997 ലെ ഫ്രഞ്ച് ഓപ്പൺ മിക്സഡ് ഡബിൾ ടെന്നീസ് ടൂർണ്ണമെന്റിൽ ആദ്യമായി ഗ്രാന്റ് സ്ലാം നേടിയ ഇന്ത്യൻ താരം മഹേഷ് ഭൂപതിയുടെ സഹതാരം ആരായിരുന്നു ?
(A) വിക്ടോറിയ അസാരങ്ക (B) ലിസ സക്കലേക്കർ
(C) റിയാ ഹിരാക്കി (D) മരിയൻ ബർതോളി

17. തഞ്ചാവൂരിലെ ലോക പ്രശ്സ്തമായ ബൃഹദീശ്വര ക്ഷേത്രം ഏത് ചോളരാജാവിന്റെ കാലത്താണ് പണികഴിപ്പിച്ചത് ?
(A) കരികാല ചോളൻ (B) രാജരാജ ചോളൻ I
(C) കുലോത്തുംഗ ചോളൻ (D) രാജേന്ദ്ര ചോളൻ I

18. ക്ഷയരോഗികൾക്ക് മാസംതോറും 500 രൂപ ലഭിക്കുന്ന കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ പദ്ധതിയുടെ പേര് ?
(A) പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന
(B) സ്റ്റാൻഡ - അപ് ഇന്ത്യാ സ്കീം
(C) പ്രധാൻമന്ത്രി റോജ്ഗർ പ്രൊട്ടക്ഷൻ യോജന
(D) നിക്ഷയ് പോഷൺ യോജന

312477

19. അമേരിക്കയുടെ എത്രാമത്തെ പ്രസിഡണ്ടായാണ് 2021 ജനുവരി 20-ാം തീയ്യതി ജോ ബൈഡൻ അധികാരമേറ്റത് ?
(A) 44 (B) 45 (C) 46 (D) 47

20. താഴെപ്പറയുന്നവയിൽ ഏത് വർഷമാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ നൂറാം വാർഷികം കൊണ്ടാടിയത് ?

(A) 2018 ജൂലൈ 21 (B) 2019 ജൂൺ 5 (C) 2020 ജൂൺ 5 (D) 2021 ജൂലൈ 1

21. പത്മവിഭൂഷൺ യാമിനി കൃഷ്ണമൂർത്തി ഏത് രംഗത്ത് പ്രശസ്തി നേടിയ വ്യക്തിത്വമാണ് ?

(A) മോഹിനിയാട്ടം (B) കഥക് (C) ഭരതനാട്യം (D) യക്ഷഗാനം

22. "Why I am A Hindu" എന്ന പ്രശസ്ത കൃതിയുടെ രചയിതാവ് ആരാണ് ?

(A) സൂര്യകാന്ത് ത്രിപാടി (B) ശശി തരൂർ

(C) സന്തോഷ് യാദവ് (D) നിരുപമ വൈദ്യനാഥൻ

23. ഐറിഷ് റിപ്പബ്ലിക്കൻ ആർമിയുടെ ബോംബാക്രമണത്തിൽ കൊല്ലപ്പെട്ട ഇന്ത്യയുടെ മുൻ വൈസ്രോയി ആയതും രണ്ടാം ലോക മഹായുദ്ധത്തിലെ നായകന്മാരിൽ ഒരാളുമായ വ്യക്തിത്വം ആരാണ് ?

(A) കാനിംഗ് പ്രഭു (B) കോൺവാലീസ് പ്രഭു

(C) റിപ്പർ പ്രഭു (D) മൗണ്ട്ബാറ്റൻ പ്രഭു

24. ഇന്ത്യൻ നാഷണൽ ആർമിയുടെ (INA) യുദ്ധ രക്തസാക്ഷി കോംപ്ലക്സ് സ്ഥിതിചെയ്യുന്ന മോയിരംഗ് (Moirang) ഏത് സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത് ?

(A) ആസ്സാം (B) മേഘാലയ (C) മണിപ്പൂർ (D) സിക്കിം

25. ഐ. എസ്. ആർ. ഓ. (ISRO) യുടെ മുൻ ചെയർമാൻമാരിൽ ഒരാൾ വളരെ പ്രശസ്തനായ കഥകളി കലാകാരനാണ്. ആരാണ് അദ്ദേഹം ?

(A) ഡോ. കെ. രാധാകൃഷ്ണൻ (B) ഡോ. എം. ജി. കെ. മേനോൻ

(C) ഡോ. ജി. മാധവൻ നായർ (D) ഡോ. എസ്. സോമനാഥ്

26. താഴെ പറയുന്ന പ്രധാനമന്ത്രിമാരിൽ ആരുടെ സ്മാരകമാണ് ജൻനായക്സ്ഥൽ ?

(A) ചരൺ സിംഗ് (B) വി. പി. സിംഗ്

(C) എ. ബി. വാജ്പേയ് (D) ചന്ദ്രശേഖർ സിംഗ്

27. കാവേരി നദിക്ക് കുറുകെ തിരുച്ചിറപ്പള്ളിയിൽ നിർമ്മിച്ച ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള ഡാം ഏതാണ് ?

(A) മഹാബലി (B) ഹിരാക്കുഡ് (C) കല്ലണ (D) മഹാറാണ പ്രതാപ്

28. കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം, പരിസ്ഥിതി ലോല പ്രദേശങ്ങൾ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം ശുപാർശ ചെയ്യാനായി 1999-ൽ നിയോഗിച്ച സമിതിയുടെ അദ്ധ്യക്ഷൻ ആരാണ് ?

(A) ഡോ. മാധവ് ഗാഡ്ഗിൽ (B) ഡോ. കസ്തൂരി രംഗൻ

(C) ഡോ. നല്ലതമ്പി (D) ഡോ. പ്രണബ് സെൻ

29. പായ് വഞ്ചിയിൽ തീരം തൊടാതെ ഒറ്റക്ക് ലോകം ചുറ്റിയ ആദ്യ ഇന്ത്യാക്കാരൻ :

(A) അഭിലാഷ് ടോമി (B) ദിനേഷ്. കെ. ത്രിപാടി

(C) സമീർ സക്സേന (D) സഞ്ജയ് ബല്ല

30. 2019-ലെ സുൽത്താൻ അസ്ലംഷാ അന്താരാഷ്ട്ര പുരുഷ ഹോക്കി മത്സരത്തിൽ വിജയിച്ച ടീം :

(A) ഇന്ത്യ (B) ദക്ഷിണ കൊറിയ

(C) കാനഡ (D) പോളണ്ട്

31. 1 മുതൽ 30 വരെയുള്ള എണ്ണൽ സംഖ്യകൾ ഓരോന്നുവീതം എഴുതിയ കടലാസുകഷണങ്ങൾ ഒരു പെട്ടിയിൽ ഇട്ടിരിക്കുന്നു. ഇതിൽ നിന്നും ഒരു കടലാസ് കഷണം എടുക്കുന്നു. അതിലെഴുതിയിരിക്കുന്ന സംഖ്യ ഒരു അഭാജ്യ സംഖ്യ (Prime number) ആകാനുള്ള സാധ്യത (Probability) എന്ത് ?

(A) $\frac{3}{10}$ (B) $\frac{4}{15}$ (C) $\frac{1}{3}$ (D) $\frac{1}{5}$

32. $\frac{1}{10}+\frac{3}{100}+\frac{5}{1000}$ എന്നതിന്റെ ദശാംശ രൂപം :

(A) 1.35 (B) 0.135 (C) 13.5 (D) 0.0135

33. ആദ്യത്തെ 100 എണ്ണൽ സംഖ്യകളുടെ തുക എത്രയാണ് ?

(A) 10100 (B) 5500 (C) 5050 (D) 5150

34. ഒരു സമാന്തരശ്രേണിയുടെ (Arithmetic sequence) 15-ാം പദം 20 ഉം 20-ാം പദം 15 ഉം ആയാൽ 35-ാം പദം എത്ര ?

(A) 35 (B) 5 (C) 0 (D) 30

35. 6000 രൂപ വിലയുള്ള ഒരു ഉപകരണം ഉപഭോക്താവിന് 5040 രൂപയ്ക്ക് വാങ്ങാൻ കഴിയുമെങ്കിൽ ഡിസ്കൗണ്ട് നിരക്ക് എത്രയാണ് ?

(A) 14% (B) 13% (C) 18% (D) 16%

36. ഒരു ത്രികോണത്തിന്റെ രണ്ട് വശങ്ങൾ 5 സെന്റിമീറ്റർ, 7 സെന്റിമീറ്റർ വീതം നീളമുള്ളവയാണ്. മൂന്നാമത്തെ വശം $x$ ആയാൽ ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായത് ഏത് ?

(A) $x < 12$ (B) $1 < x < 12$ (C) $x > 12$ (D) $2 < x < 12$

37. ഒരു പ്രത്യേക ജോലി 2 പുരുഷന്മാർക്ക് 10 ദിവസം കൊണ്ടും 5 സ്ത്രീകൾക്ക് 8 ദിവസം കൊണ്ടും പൂർത്തിയാക്കാൻ കഴിയും. എങ്കിൽ 1 പുരുഷനും 2 സ്ത്രീകളും ചേർന്ന് പ്രസ്തുത ജോലി എത്ര ദിവസം കൊണ്ട് പൂർത്തിയാക്കാൻ കഴിയും?

(A) 4 (B) 5 (C) 8 (D) 10

38. $\frac{3}{16}, \frac{1}{8}, \frac{1}{12}, \frac{1}{18}$, ........... എന്ന സംഖ്യാ പാറ്റേണിലെ അടുത്ത പദം ഏത് ?

(A) $\frac{1}{27}$ (B) $\frac{1}{12}$ (C) $\frac{1}{3}$ (D) $\frac{1}{24}$

39. $a+b=20$, $ab=50$ ആയാൽ $\frac{1}{a}+\frac{1}{b}$ എത്ര ?

(A) $\frac{5}{2}$ (B) $\frac{2}{5}$ (C) $\frac{1}{5}$ (D) $\frac{3}{5}$

40. ഒരു ക്ലോക്കിൽ സമയം 5 മണി ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എന്ത് ?

(A) 150° (B) 120° (C) 180° (D) 110°

41. Choose the correct spelling.
(A) Sunami (B) Zunami (C) Tsunami (D) Tzunami

42. Change into passive voice, "Who wrote the poem" ?
(A) By whom the poem was wrote ?
(B) By whom was the poem being written ?
(C) By whom had the poem been written ?
(D) Who was the poem written by ?

43. Which of the following is a synonym of " incarcerate" ?
(A) Emaciate (B) Detain (C) Connive (D) Saturate

44. Which of the following sentences makes sense ?
(A) In order to illicit sympathy, he publicised his cancer story
(B) The school fair managed to elicit donations from many well wishers
(C) Students are not allowed to carry elicit items to school
(D) She had hoped to illict some information about his affair

45. Substitute with one word : Words written on the tomb of a person.
(A) Epigram (B) Epiphany (C) Epitaph (D) Epigraph

46. Harry is ________ than the rest of the students.
(A) industrious (B) more industrious
(C) the more industrious (D) the most industrious

47. Choose the antonym for commensurate.
(A) inadequate (B) sufficient
(C) requisite (D) symmetrical

48. Sarah rarely speaks in the classroom. She is :
(A) banal (B) garrulous (C) reticent (D) obsolete

49. Teacher: "Don't repeat the mistake"
Change into reported speech.
(A) Teacher told us do not repeat the mistake.
(B) Teacher told us to not repeat the mistake.
(C) Teacher told us not to repeat the mistake.
(D) Teacher told us to not repeat the mistake.

50. What is the meaning of the idiom" to cut the corners" ?
(A) To let out a secret accidentally.
(B) To take up an ambitious project.
(C) To stay informed about everything.
(D) To do something in the least expensive manner.

51. പ്രയോജികാ വിഭക്തിയുടെ കാരകം ഏത് ?
(A) സാക്ഷി (B) സ്വത്വം (C) ഹേതു (D) അധികരണം

52. പുരുഷവചനഭേദമുള്ള പ്രകാരകം ഏത് ?
(A) നിർദ്ദേശകം (B) നിയോജകം (C) വിധായകം (D) അനുജ്ഞായകം

53. ധാതുവിന്റെ സ്വന്താർത്ഥത്തിൽ ചില വിശേഷാർത്ഥങ്ങളെ ചേർക്കുന്നതാണ് :
(A) ഖിലധാതുക്കൾ (B) പൂരണാനുപ്രയോഗം
(C) കാലാനുപ്രയോഗം (D) ഭേദകാനുപ്രയോഗം

54. 'തനിനാമം' എന്നാൽ :
(A) സർവ്വനാമം (B) സർവ്വനാമമല്ലാത്ത നാമം
(C) ദ്രവ്യനാമം (D) ഗുണനാമം

55. മഹാപണ്ഡിതനായ കേരളപാണിനിയും ഞാനും തമ്മിൽ അജഗജാന്തര വ്യത്യാസമുണ്ട് - ഈ വാക്യം ശരിയായി എഴുതുക :
(A) ഞാനും മഹാപണ്ഡിതനായ കേരളപാണിനിയും തമ്മിൽ അജഗജാന്തരമുണ്ട്.
(B) മഹാപണ്ഡിതനായ കേരളപാണിനിയും ഞാനും തമ്മിൽ അജഗജാന്തരമുണ്ട്.
(C) ഞാനും മഹാപണ്ഡിതനായ കേരള പാണിനിയും തമ്മിൽ അജഗജാന്തര വ്യത്യാസമുണ്ട്.
(D) മഹാപണ്ഡിതനായ കേരള പാണിനിയും ഞാനും തമ്മിൽ അജഗജ വ്യത്യാസമുണ്ട്.

56. താഴെപ്പറയുന്നവയിൽ ശുദ്ധരൂപമേത് ?
(A) താത്കാലികം (B) ഉത്ഘാടനം (C) ശരശ്ചന്ദ്രൻ (D) കവിയത്രി

57. അഞ്ജനമെന്നതു ഞാനറിയും
മഞ്ഞളുപോലെ വെളുത്തിരിക്കും
- ഈ വരികളിൽ നിന്നും മനസ്സിലാക്കുന്നതെന്ത് ?
(A) അഞ്ജനവും മഞ്ഞളുമെന്നാലെന്തെന്ന് എനിക്കറിയാം
(B) അഞ്ജനം മഞ്ഞളുപോലെ വെളുത്തതാണ്
(C) സർവ്വജ്ഞനാണ്, എന്നാൽ ചിലതേ അറിയൂ
(D) സർവ്വജ്ഞനാണെന്ന നാട്യം മാത്രം

58. ഇറക്കിക്കിടത്തിയതെന്റെ യൗവ്വനമല്ലോ
തിരുമ്മിയടച്ചതു നിതി തൻമിഴിയല്ലോ
- ആര് ആരെപ്പറ്റിയാണിവിടെ പറയുന്നത് ?
(A) ഓ.എൻ.വി. ചങ്ങമ്പുഴയെപ്പറ്റി
(B) ബാലചന്ദ്രൻ ചുള്ളിക്കാട് ആശാനെപ്പറ്റി
(C) സച്ചിദാനന്ദൻ വൈലോപ്പിള്ളിയെപ്പറ്റി
(D) എൻ.വി.കൃഷ്ണവാര്യർ ഗാന്ധിജിയെപ്പറ്റി

59. "Misfortunes are sometimes blessings in disguise"

- ഇതിന് സമാനമായ മലയാളമെന്ത് ?

(A) വിനാശകാലേ വിപരീതബുദ്ധി (B) ഉർവ്വശിശാപം ഉപകാരം

(C) ഓണം വരാനൊരു മൂലം വേണം (D) കുരയ്ക്കും പട്ടി കടിക്കില്ല

60. ലോക്കപ്പിൽ നിന്ന് രക്ഷപ്പെടാൻ തടവുപുള്ളി പരമാവധി ശ്രമിച്ചു.

- ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുക.

(A) The prisoner tried his best to flee from the lock-up

(B) The prisoner will try his best to jump from the lock-up

(C) The prisoner is planning to jump from the lock-up

(D) The prisoner was trying to flee from the lock-up

61. പ്രകാശവർഷം എന്നത് എന്തിന്റെ യൂണിറ്റാണ് ?

(A) സമയം (B) ദൂരം (C) മാസ് (D) പ്രവേഗം

Light Year is a unit of ________.

(A) Time (B) Distance (C) Mass (D) Velocity

62. താഴെ തന്നിരിക്കുന്നവയിൽ കലോറികമൂല്യം ഏറ്റവും കൂടിയ ഇന്ധനം ഏതാണ് ?

(A) വിറക് (B) എൽ പി ജി (C) ഹൈഡ്രജൻ (D) ബയോഗ്യാസ്

Which of the following fuels has highest Calorific value ?

(A) Fire Wood (B) LPG (C) Hydrogen (D) Biogas

63. കുത്തനെയുള്ള ഒരു കെട്ടിടത്തിന്റെ മുകളിൽ നിന്നും നിർബാധം താഴേക്കിട്ട ഒരു കല്ല് 2 സെക്കന്റ് കൊണ്ട് താഴെയെത്തിയെങ്കിൽ കെട്ടിടത്തിന്റെ ഉയരമെത്രയായിരിക്കും ?

(A) 50 m (B) 10 m (C) 40 m (D) 20 m

A freely falling stone reach the ground in 2 seconds, when it is dropped from the top of a straight building. What will be the height of the building ?

(A) 50 m (B) 10 m (C) 40 m (D) 20 m

64. 200 V സപ്ലൈയിൽ പ്രവർത്തിക്കുന്നതിനായി രൂപകല്പനചെയ്ത ഒരു ഫിലമെന്റ് ലാമ്പിന്റെ പവർ 100 W ആണ്. ഇത് 100 V സപ്ലൈയിൽ ഘടിപ്പിച്ചാൽ അതിന്റെ പവർ എത്രയായിരിക്കും?

(A) 100 W (B) 50 W (C) 25 W (D) 200 W

The Power of a filament lamp which is designed to work in 200 V supply is 100 W. What will be its power, when it works in 100 V ?

(A) 100 W (B) 50 W (C) 25 W (D) 200 W

65. 1000 W പവർ ഉള്ള ഒരു ഇലക്ട്രിക് അയേൺ എത്ര മണിക്കൂർ പ്രവർത്തിക്കുമ്പോഴാണ് ഒരു യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്നത് ?

(A) 1 മണിക്കൂർ (B) 2 മണിക്കൂർ (C) 5 മണിക്കൂർ (D) 10 മണിക്കൂർ

How much time an electric iron of 1000 W power needed to work to utilise an amount of one unit electric energy ?

(A) 1 hour (B) 2 hour (C) 5 hour (D) 10 hour

66. ഇന്ത്യൻ സാൾട്ട്പീറ്റർ എന്നറിയപ്പെടുന്നത്?

(A) $NaNO_3$ (B) $KNO_3$ (C) $Na_2SO_4$ (D) $K_2SO_4$

Which is called Indian Saltpetre ?

(A) $NaNO_3$ (B) $KNO_3$ (C) $Na_2SO_4$ (D) $K_2SO_4$

67. ടങ്സ്റ്റൻ എന്ന മൂലകത്തിന്റെ പ്രതീകം :

(A) Ts (B) Ta (C) W (D) Sn

Symbol of the element Tungsten :

(A) Ts (B) Ta (C) W (D) Sn

68. ഇനി പറയുന്നവയിൽ ഏതാണ് താപനിലയെ ആശ്രയിച്ചിരിക്കുന്നത് ?

(A) മോളാലിറ്റി (B) മോളാരിറ്റി

(C) മോൾ ഫ്രാക്ഷൻ (D) മാസ്സ്പേർസെന്റേജ്

Which of the following depends on the temperature ?

(A) Molality (B) Molarity

(C) Mole fraction (D) Mass percentage

69. താഴെ പറയുന്നവയിൽ ഏതാണ് ചൂടാക്കുമ്പോൾ കാർബൺഡയോക്സൈഡ് നൽകുന്നത് ?

(A) സ്ലേകഡ് ലൈം (B) ക്വിക് ലൈം

(C) ലൈം സ്റ്റോൺ (D) കോസ്റ്റിക് സോഡ

Which of the following gives Carbon dioxide on heating ?

(A) Slaked lime (B) Quick lime

(C) Lime stone (D) Caustic Soda

70. വിനാഗിരിയുടെ ജലീയ ലായനിയുടെ pH മൂല്യം എന്താണ് ?

(A) ഏഴിൽ കുറവ് (B) ഏഴ്

(C) ഏഴിൽ കൂടുതൽ (D) ഇവയൊന്നുമല്ല

What is the pH value of the aqueous solution of vinegar ?

(A) Less than seven (B) Seven

(C) More than seven (D) None of these

71. താഴെ തന്നിരിയ്ക്കുന്നവയിൽ ഛത്തീസ്ഗഡിൽ സ്ഥിതി ചെയ്യുന്ന ടൈഗർ റിസർവ് ഏതാണ് ?

(A) പാലേമൗ (B) ഇന്ദ്രാവതി (C) ഭദ്ര (D) മനാസ്

Which one of the following is the Tiger Reserve Situated in Chattisgarh ?

(A) Palamau (B) Indravati (C) Bhadra (D) Manas

72. പ്രകാശ സംശ്ലേഷണ ഫലമായുണ്ടാകുന്ന ഗ്ലൂക്കോസിലെ ഓക്സിജന്റെ ഉറവിടം ഏതാണ് ?

(A) ജലം

(B) കാർബൺ ഡൈ ഓക്സൈഡ്

(C) ജലവും, കാർബൺഡൈ ഓക്സൈഡും

(D) അഡിനോസിൻ ട്രൈഫോസ്ഫേറ്റ്

Name the source of oxygen is glucose, produced during photosynthesis ?

(A) Water

(B) Carbondioxide

(C) Both water and carbon dioxide

(D) Adenosine Tri Phosphate

73. മനുഷ്യന്റെ കാലിൽ കാണപ്പെടുന്ന അസ്ഥിയാണ് ?

(A) ഫിബുല (B) അൾന (C) റേഡിയസ് (D) ഹ്യൂമറസ്

Identify the leg bone in Human beings ?

(A) Fibula (B) Ulna (C) Radius (D) Humerus

74. താഴെ തന്നിരിയ്ക്കുന്ന ലക്ഷണങ്ങളോട് കൂടിയ രോഗം ഏത് ?

ലക്ഷണങ്ങൾ : ബുദ്ധിഭ്രംശം, അതിസാരം, ചർമ്മ വീക്കം

(A) ബെറിബെറി (B) സ്ക്കർവി (C) കണ (D) പെല്ലാഗ്ര

Name the disease with the following symptoms ?

Symptoms : Dementia, Diarrhea, Dermatitis

(A) BeriBeri (B) Scurvy (C) Rickets (D) Pellagra

75. ലോകാരോഗ്യ സംഘടന കൊറോണ വൈറസ് രോഗത്തിന് കോവിഡ്-19 എന്ന പേര് നൽകിയത് ഏത് ദിവസം ?

(A) 2020 ഫെബ്രുവരി 11 (B) 2019 ഫെബ്രുവരി 11

(C) 2020 മാർച്ച് 23 (D) 2020 ഫെബ്രുവരി 26

In which day Corona Virus disease was named as Covid-19 by World Health Organisation ?

(A) 11 February 2020 (B) 11 February 2019

(C) 23 March 2020 (D) 26 February 2020

76. Which among the following is a functional unit of a computer ?

(A) Input
(B) ALU
(C) Memory
(D) All of the above

77. Operating system belongs to what type of software ?

(A) System Software
(B) Application Software
(C) Virus
(D) All of the above

78. The heart of an operating system is called :

(A) Kernel
(B) ALU
(C) MAC
(D) Windows

79. μp is the acronym for :

(A) Mega pixel
(B) Micro processor
(C) Micro controller
(D) Memory processor

80. Which among the programming languages belongs to the open source category ?

(A) VB
(B) Windows
(C) Python
(D) MS Word

81. The number of cycles the CPU of a computer executes per second is called :

(A) Rotation
(B) Hertz
(C) Clock speed
(D) Giga hertzs

82. To update a web without reloading the whole page can be done with :

(A) JAVA
(B) AJAX
(C) C
(D) HTML

83. The technique by which cyber security is accomplished :

(A) Authentication
(B) Integrity
(C) Cyber stalking
(D) Cryptography

84. In India cyber crimes are covered by :

(A) Information Technology act 2000
(B) CRPC
(C) RTI act 2005
(D) Both (A) & (B)

85. The numerical identification code assigned for any device connected to a network :

(A) Internet protocol address
(B) Domain name
(C) Unicode
(D) Ascii code

86. ആരുടെ ഭരണകാലത്താണ് ദേവസ്വം ഭരണം സർക്കാർ ഏറ്റെടുത്തത് ?
(A) ശ്രീമൂലം തിരുനാൾ രാമവർമ
(B) അനിഴം തിരുനാൾ മാർത്താണ്ഡവർമ
(C) റാണി ഗൗരി ലക്ഷ്മീഭായ്
(D) ചിത്തിര തിരുനാൾ ബാലരാമ വർമ

87. 'ഹിന്ദുമത എൻഡോവ്മെന്റ് റെഗുലേഷൻ ആക്ട് ' നിലവിൽ വന്ന വർഷം ഏത് ?
(A) 1902
(B) 1904
(C) 1920
(D) 1940

88. ശബരിമല ദേവസ്വം ഗ്രൂപ്പിന്റെ ആസ്ഥാനം എവിടെ ?
(A) പമ്പ
(B) ശബരിമല
(C) പന്തളം
(D) പത്തനംതിട്ട

89. പഞ്ചലോഹ വിഗ്രഹത്തിൽ ഉൾപ്പെടാത്തത് ഏത് ?
(A) ഓട്
(B) പിച്ചള
(C) ചെമ്പ്
(D) ഇരുമ്പ്

90. ഫാക്ട് കഥകളി കേന്ദ്രത്തിന്റെ സ്ഥാപകൻ ആര് ?
(A) ഹൈദരാലി
(B) കലാമണ്ഡലം കേശവൻ
(C) ശങ്കരൻ എമ്പ്രാന്തിരി
(D) എം. കെ. കെ. നായർ

91. മഹാക്ഷേത്രങ്ങളിൽ സൂര്യപ്രകാശം ബിംബത്തിൽ പതിക്കും വിധം സൂര്യനുയരുമ്പോൾ നടത്തപ്പെടുന്ന പൂജയാണ് :
(A) ഉഷഃപൂജ
(B) എതൃത്ത പൂജ
(C) പന്തീരടി പൂജ
(D) ഉച്ചപൂജ

92. ക്ഷേത്രാചാര വിധിപ്രകാരം നടത്തപ്പെടുന്ന 'മുളയിടൽ' കർമത്തിൽ എത്ര പാലികകളിലായാണ് മുളയിടുന്നത് ?
(A) 8
(B) 12
(C) 16
(D) 4

93. ആദ്യം നടതുറക്കുന്ന ക്ഷേത്രം എന്ന് വിഖ്യാതമായത് :
(A) തിരുവില്വാമല
(B) തിരുവാർപ്പ്
(C) തിരുനെല്ലി
(D) തിരുവല്ലം

94. കൂത്തിനുപയോഗിക്കുന്ന ഗദ്യ- പദ്യ സങ്കലിതങ്ങളായ കൃതികൾ ഏതു പേരിലറിയപ്പെടുന്നു ?
(A) പ്രബന്ധങ്ങൾ
(B) മുക്തകങ്ങൾ
(C) മണി പ്രവാളങ്ങൾ
(D) പ്രകരണങ്ങൾ

95. വൈഷ്ണവ പൂജാ പദ്ധതികളെ പ്രതിപാദിക്കുന്ന പുരാണമാണ് :
(A) വിഷ്ണുപുരാണം
(B) ലിംഗപുരാണം
(C) വാമനപുരാണം
(D) വരാഹപുരാണം

96. ശങ്കരാചാര്യ സ്വാമികൾ വാദ പ്രതിവാദത്തിൽ ഏർപ്പെട്ട പണ്ഡിതവരേണ്യൻ ആര് ?

(A) വാചസ്പതി മിശ്രൻ
(B) ഉദ്ദാലകൻ
(C) മണ്ഡന മിശ്രൻ
(D) ശങ്കരമിശ്രൻ

97. ശുക്ല യജുർവേദ ബ്രാഹ്മണം ഏത് ?

(A) ശതപഥ ബ്രാഹ്മണം
(B) ഗോപഥ ബ്രാഹ്മണം
(C) ഐതരേയ ബ്രാഹ്മണം
(D) പഞ്ചവിംശ ബ്രാഹ്മണം

98. വേദമന്ത്രങ്ങളിലെ പദങ്ങൾ മറിച്ചും തിരിച്ചും ചൊല്ലി ക്രമം ഉറപ്പിക്കുന്ന രീതിയാണ് :

(A) പദപാഠം
(B) ജടാപാഠം
(C) ക്രമ പാഠം
(D) ഘന പാഠം

99. വാദ്യോപകരണങ്ങളിൽ രാജാവ് എന്നു വിശേഷിപ്പിക്കുന്നത് :

(A) മദ്ദളം
(B) മൃദംഗം
(C) ഇടയ്ക്ക
(D) തിമില

100. പൂജാദി കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന പഞ്ചഗവ്യത്തിലെ ചാണകം എന്തിനെ പ്രതിനിധീകരിക്കുന്നു ?

(A) പൃഥ്വി
(B) ആകാശം
(C) അഗ്നി
(D) വായു

-o0o-